ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 03.10.2024**

## പ്രധാനവാർത്തകൾ

1. **സാങ്കേതിക വിദ്യയുടെയും വിജ്ഞാനത്തിൻറെയും സമഗ്ര വികസനത്തിൽ വിദ്യാർത്ഥികൾ പങ്കാളികളാകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.**
2. **തൃശൂർപൂരം അലങ്കോലപ്പെട്ട സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
3. **വീസ തട്ടിപ്പുകൾക്കെതിരെ ജനങ്ങൾ ജാഗ്രത പുലർത്തണമെന്നും സന്ദർശക വീസയെന്നത് രാജ്യം സന്ദർശിക്കുന്നതിനുള്ള അനുമതി മാത്രമാണെന്നും നോർക്ക റൂട്ട്സ്.**
4. **ഹരിയാനയിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. വോട്ടെണ്ണൽ ഈ മാസം എട്ടിന്.**
5. **രാജ്യത്ത് ഒൻപത് ദിവസം നീണ്ടുനിൽക്കുന്ന നവരാത്രി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കം. ജനങ്ങൾക്ക് ആശംസകൾ നേർന്ന് പ്രധാനമന്ത്രി. നവരാത്രി വിഗ്രഹഘോഷയാത്രയുടെ സമാപനം ഇന്ന് അനന്തപുരിയിൽ.**
6. **സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിന് ഇന്ന് കണ്ണൂരിൽ തുടക്കം.**

RNU TVPM

*******************************************************************************************

**രാഷ്ട്രപതി – (ഇൻട്രോ)**

സാങ്കേതിക വിദ്യയുടെയും വിജ്ഞാനത്തിൻറെയും മേഖലയിൽ സമഗ്ര വികസനം നടക്കുന്ന കാലഘട്ടത്തിൽ വിദ്യാർത്ഥികൾ അതിൽ പങ്കാളികളാകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. രാജ്യത്തെ വിദ്യാർത്ഥിനികൾ സമൂഹത്തിന്റെ എല്ലാ മേഖലയിലും തങ്ങളുടെ കഴിവ് തെളിയിക്കണമെന്നും രാഷ്ട്രപതി. ഉദയ്പൂരിൽ മോഹൻലാൽ സുഖാദിയ സർവകലാശാലയിലെ ബിരുദദാന ചടങ്ങിൽ സംസാരിക്കുക യായിരുന്നു രാഷ്ട്രപതി. രണ്ടു ദിവസത്തെ സന്ദർശനത്തിനായാണ് രാഷ്ട്രപതി രാജസ്ഥാനിലെത്തിയത്. രാജ്സ്ഥാൻ സർക്കാർ സംഘടിപ്പിക്കുന്ന ആദി ഗൗരവ് സമാരോഹ് പരിപാടിയിലും രാഷ്ട്രപതി പങ്കെടുക്കും.

**(രാഷ്ട്രപതി ബൈറ്റ്..............)**

*****************************************************************************************

**സ്വച്ഛ ഭാരത്- പ്രധാനമന്ത്രി**

സ്വച്ഛ ഭാരത് ദൗത്യം കഴിഞ്ഞ 10 വർഷങ്ങളിൽ സൃഷ്ടിച്ച മാറ്റം സമൂഹമാധ്യമ പോസ്റ്റിൽ പങ്കുവയ്ച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പദ്ധതിയുടെ ഭാഗമായി 12 കോടി ശൗചാലയങ്ങൾ നിർമ്മിച്ചു. നിരവധി മാതൃ-ശിശു മരണങ്ങൾ കുറയ്ക്കാൻ സാധിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ-സാമ്പത്തിക ഭേദമന്യേ എല്ലാവരുടെയും അന്തസ് കാത്തുസൂക്ഷിക്കുന്നതിനും സാധിച്ചതായും പ്രധാനമന്ത്രി വ്യക്തമാക്കി.

*****************************************************************************************

RNU TVPM

## മുഖ്യമന്ത്രി

തൃശൂർ പൂരം കുറ്റമറ്റ രീതിയിൽ നടത്താനാണ് സർക്കാർ ശ്രമിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രശ്നങ്ങൾ ഉണ്ടായത് അവസാന ഘട്ടത്തിലാണ്. കേരളത്തിലെ സാമൂഹ്യ അന്തരീക്ഷം അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടന്നിരുന്നതായും ആസൂത്രിതമായി വേണം ഇതിനെ കാണാനെന്നും മുഖ്യമന്ത്രി പറഞ്ഞു. അത് എഡിജിപി സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. എഡിജിപി റിപ്പോർട്ട് സമഗ്രമല്ല. പൂരം വിഷയത്തിൽ പ്രത്യേക അന്വേഷണം ഉണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. എഡിജിപിയുടെ വീഴ്ച അന്വേഷിക്കും. ഉദ്യോഗസ്ഥ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അത് സർക്കാർ തലത്തിൽ അന്വേഷിക്കുമെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

RNU TVPM

*******************************************************************************

## പതിനഞ്ചാം നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിന് നാളെ തുടക്കമാകും. ഈ മാസം 18 വരെയാകും സഭാ സമ്മേളനം ചേരുക. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ചവർക്ക് ആദരാഞ്ജലി അർപ്പിച്ചശേഷം സഭ വീണ്ടും തിങ്കളാഴ്ച ചേരും. സർക്കാർ കാര്യങ്ങളും അനൗദ്യോഗിക അംഗങ്ങളുടെ കാര്യങ്ങളുമാണ് സഭാസമ്മേളനത്തിന്റെ പ്രധാന അജണ്ട.

*******************************************************************************

## നോർക്ക

വീസ തട്ടിപ്പുകൾക്കെതിരെ ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യുട്ടീവ് ഓഫീസർ അജിത് കോളശേരി. സന്ദർശക വീസയെന്നത് രാജ്യം സന്ദർശിക്കുന്നതിനുള്ള അനുമതി മാത്രമാണ്. അത് ജോലിക്കായുള്ള അനുമതിയല്ലെന്ന തിരിച്ചറിവ് വേണം. സന്ദർശക വീസയിൽ വിദേശരാജ്യത്ത് എത്തുന്നവർക്ക് ജോലി ലഭിക്കാൻ അവസരമൊരുക്കുമെന്ന നിലയിൽ റിക്രൂട്ട്മെൻറ് ഏജൻസികൾ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിൽ അത് തട്ടിപ്പാണെന്ന് തിരിച്ചറിയണം. ഒരു രാജ്യവും സന്ദർശക വീസയിൽ ജോലി അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

***************************************************************************************************

## ഹരിയാന തിരഞ്ഞെടുപ്പ്

ഹരിയാനയിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. മറ്റന്നാളാണ് 90 അംഗ ഹരിയാന നിയമസഭയിലേക്കുള്ള ഒറ്റഘട്ട വോട്ടെടുപ്പ്. ഈ മാസം എട്ടിന് ജമ്മു കശ്മീരിനൊപ്പമാണ് ഹരിയാനയിലും വോട്ടെണ്ണൽ. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഇന്ന് വിവിധ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. അസം മുഖ്യമന്ത്രി ഹിമന്ത ബിസ്വ ശർമയും ഇന്ന് അംബാല സിറ്റി മണ്ഡലത്തിൽ റോഡ് ഷോയിൽ പങ്കെടുക്കും. കോൺഗ്രസ് നേതാക്കളായ രാഹുൽഗാന്ധി ദീപിന്ദർ സിങ് ഹൂഡയും വിവിധ സ്ഥലങ്ങളിൽ പൊതുസമ്മേളനങ്ങളിൽ പങ്കെടുക്കും.

***************************************************************************************************

RNU TVPM

## റെയിൽവേ- ബോധവൽക്കരണ ക്യാമ്പെയിൻ

ട്രെയിൻ അപകടങ്ങൾ തടയുന്നത് ലക്ഷ്യമിട്ട് റെയിൽവേ നടത്തുന്ന ബോധവൽക്കരണ ക്യാമ്പയിൻ ഇന്ന് തിരുവനന്തപുരത്ത്. റെയിൽവേ പോലീസ് എസ് പി നകുൽ രാജേന്ദ്ര ദേശ്മുഖ്, റെയിൽവേ സംരക്ഷണ സേന ഡിവിഷണൽ സെക്യൂരിറ്റി ഓഫീസർ തൻവി പ്രഫുൽ ഗുപ്ത എന്നിവരുടെ നേതൃത്വത്തിലാണ് ക്യാമ്പയിൻ സംഘടിപ്പിച്ചിരിക്കുന്നത്. ട്രെയിനുകൾക്ക് നേരെ ഉണ്ടാകുന്ന കല്ലേറ്, റെയിൽപ്പാളങ്ങളിൽ കല്ലുകളും മറ്റ് വസ്തുക്കളും സൃഷ്ടിക്കുന്ന അപകടങ്ങൾ, റെയിൽവേ ലൈൻ മുറിച്ചുകടക്കുമ്പോൾ ട്രെയിൻ തട്ടിയുണ്ടാകുന്ന അപകടങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണമാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്.

************************************************************************************************

PNU TVPM

## നേപ്പാൾ വെള്ളപ്പൊക്കം

നേപ്പാളിൽ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും മരിച്ചവരുടെ എണ്ണം 233 ആയി. 22 പേരെ കാണാതായിട്ടുണ്ട്. ദുരന്തത്തിൽ 169 പേർക്ക് പരിക്കേറ്റു. ദുരിതബാധിത പ്രദേശങ്ങളിൽ നിന്ന് ഇതുവരെ 17,120 പേരെ രക്ഷപ്പെടുത്തിയതായി ആഭ്യന്തര മന്ത്രാലയ വക്താവ് അറിയിച്ചു. രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും സർക്കാർ പ്രഥമ പരിഗണനയാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

************************************************************************************************

## ബിഹാർ - വെള്ളപ്പൊക്കദുരന്തം

ബിഹാറിൽ 17 ജില്ലകളിൽ വെള്ളപ്പൊക്ക ദുരന്തം തുടരുന്നു. 15 ലക്ഷം പേരെ വെള്ളപ്പൊക്കം ബാധിച്ചിട്ടുണ്ട്. കോസി, ഗണ്ഡക്, മഹാനന്ദ, കമലാ ബാലൻ, ബാഗ്മതി നദികളിലെ ജലനിരപ്പ് ഉയർന്നതോടെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. സീതാമുധി, ധർഭംഗ, പടിഞ്ഞാറൻ ചമ്പാരൻ, മധുബനി ഉൾപ്പെടെയുള്ള ജില്ലകളെയാണ് വെള്ളപ്പൊക്കം രൂക്ഷമായി ബാധിച്ചത്.

*********************************************************************************************

## പി. വി.അൻവർ

തന്റെ പുതിയ പാർട്ടിയുടെ പേര് ഞായറാഴ്ച പ്രഖ്യാപിക്കുമെന്ന് പി. വി.അൻവർ എം.എൽ.എ. പാർട്ടി രൂപീകരണത്തിന് എം.എൽ.എ സ്ഥാനം തടസ്സമാകും എങ്കിൽ രാജിവയ്ക്കും. പിണറായി വിജയൻ മുഖ്യമന്ത്രി പദവി ഒഴിയണം എന്ന് ആവർത്തിക്കുന്നതായും അദ്ദേഹം പറഞ്ഞു. താൻ ആരുടെയും പിൻതുണ ആവശ്യപ്പെട്ടിട്ടില്ല. മുഖ്യമന്ത്രി ഒരു സമുദായത്തെ കുറ്റക്കാരാക്കുന്നുവെന്നു കരിപ്പൂർ വിമാനത്താവളത്തിലെ സ്വർണക്കടത്ത് അടക്കമുള്ള വിഷയങ്ങളിലെ മുഖ്യമന്ത്രിയുടെ പ്രതികരണം ചൂണ്ടിക്കാട്ടി അൻവർ ആരോപിച്ചു.

RNU TVPM

*********************************************************************************************

## ബ്രെയിൽ ലിപി

ബ്രെയിൽ ലിപിയിൽ സാക്ഷരതാ പഠനത്തിന് അവസരമൊരുക്കി സംസ്ഥാന സാക്ഷരതാ മിഷൻ. കാഴ്ച പരിമിതി നേരിടുന്നവർക്കായി നടപ്പാക്കുന്ന പദ്ധതിയിൽ പഠന സാമഗ്രികൾ ഉൾപ്പെടെ സൗജന്യമായി നൽകും. കാഴ്ച പരിമിതി നേരിടുന്നവരെ കണ്ടെത്തി

അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് അധ്യാപക ഫോറവുമായി ചേർന്ന് സംസ്ഥാന സാക്ഷരതാ മിഷൻ പദ്ധതി നടപ്പാക്കുന്നത്.
നാല് മാസമാണ് പാഠ്യപദ്ധതിയുടെ കാലാവധി.

********************************************************************************************

## നവരാത്രി ആഘോഷം- രാജ്യം

രാജ്യത്ത് ഒൻപത് ദിവസം നീണ്ടുനിൽക്കുന്ന നവരാത്രി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കം. രാജ്യത്തുടനീളമുള്ള ക്ഷേത്രങ്ങളിൽ വിവിധ തരത്തിലുള്ള ആചാരാനുഷ്ഠാനങ്ങളും പൂജകളും നടക്കുന്നു. വിശ്വാസികൾ ആദ്യ ദിനത്തിൽ ദേവിയെ ശൈലപുത്രിയുടെ രൂപത്തിലാണ് ആരാധിക്കുന്നത്.

********************************************************************************************

## പ്രധാനമന്ത്രി-നവരാത്രി

നവരാത്രി ആഘോഷങ്ങളോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ശക്തി വന്ദനയെ ആരാധിക്കുന്ന ഉത്സവം ഏവർക്കും ഐശ്വര്യം കൊണ്ടുവരട്ടെയെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു. നവരാത്രിയുടെ ആദ്യ ദിനത്തിൽ ശൈലപുത്രി ദേവിയെ വണങ്ങുന്നതായും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ എല്ലാവർക്കും ദേവിയുടെ അനുഗ്രഹം ഉണ്ടാകട്ടെയെന്നും പ്രധാനമന്ത്രി ആശംസിച്ചു.

********************************************************************************************

## ഗവർണർ

ഭാരതത്തിൽ എല്ലായിടത്തും ഒരേ സന്ദേശമാണ്: നവരാത്രി ആഘോഷം പകർന്നുനൽകുന്നതെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. കേസരിഭവനിൽ നടക്കുന്ന നവരാത്രി

PNUTVPM

ആഘോഷ പരിപാടികളുടെ ഉദ്ഘാടനം നിർവഹിക്കുക യായിരുന്നു ഗവർണർ.

***************************************************************************************************

**നവരാത്രിപൂജ, തിരുവനന്തപുരം – (ഇൻട്രോ)**

അനന്തപുരിയിലെ നവരാത്രി പൂജയോടനുബന്ധിച്ചുള്ള നവരാത്രി വിഗ്രഹ ഘോഷയാത്ര ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും. ചൊവ്വാഴ്ച പത്മനാഭപുരം കൊട്ടാരത്തിൽ നിന്നാണ് ഘോഷയാത്ര ആരംഭിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്..... (വോയിസ്.........)**

***************************************************************************************************

**മഴ – സംസ്ഥാനം**

കേരളത്തിൽ അടുത്ത നാല് ദിവസം വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

RNU TVPM

***************************************************************************************************

**നാവികസേന**

ഇന്ത്യൻ നാവികസേനയുടെ വാർഷിക ഉന്നതതല അന്താരാഷ്ട്ര സമ്മേളനമായ ഇൻഡോ-പസഫിക് റീജിയണൽ ഡയലോഗ് ഇന്ന് മുതൽ ന്യൂഡൽഹിയിൽ ആരംഭിക്കും. **"ഇന്തോ-പസഫിക്ക് മേഖലയിലെ വിഭവങ്ങൾ, ജിയോപൊളിറ്റിക്സ്, സുരക്ഷാ"** എന്നതാണ് മൂന്ന് ദിവസത്തെ സമ്മേളനത്തിന്റെ പ്രമേയം. രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് നാളെ സമ്മേളനത്തെ അഭിസംബോധന ചെയ്യും. ഇൻഡോ-പസഫിക്ക് മേഖലയിലെ സമഗ്രമായ സമുദ്ര സുരക്ഷാ

പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം.

**********************************************************************************************

**പ്രധാനമന്ത്രി നരേന്ദ്രമോദി ഇ-ലേലം**

പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ലഭിച്ച പാരിതോഷികങ്ങളുടെ ഇ-ലേലം ഒക്ടോബർ 31 വരെ നീട്ടി. ഇത് ആറാം തവണയാണ് പ്രധാനമന്ത്രിക്ക് ലഭിച്ച പാരിതോഷികങ്ങളുടെ ഇ-ലേലം നടക്കുന്നത്. ഇ-ലേലത്തിലൂടെ ലഭിക്കുന്ന തുക നമാമി ഗംഗെ പദ്ധതി പോലെയുള്ള രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനാൽ ഇ-ലേലത്തിൽ പൊതുജനങ്ങളുടെ പങ്കാളിത്തം പ്രധാനമാണെന്ന് സർക്കാർ അറിയിച്ചു.

ഇ ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് **pmmementos.gov.in** എന്ന ഔദ്യോഗിക വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം.

**********************************************************************************************

## കണ്ണൂർ സ്കൂൾ കലോത്സവം –(ഇൻട്രോ)

സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം ഇന്നാരംഭിക്കും. കലോത്സവത്തിന്റെ സ്വർണ്ണക്കപ്പ് ഇന്നലെ കണ്ണൂരിൽ ഡെപ്യൂട്ടി മേയർ പി ഇന്ദിരയും വിദ്യാഭ്യാസ ഉപ ഡയറക്ടർ ബാബു മഹേശ്വരിയും ചേർന്ന് ഏറ്റുവാങ്ങി. ശനിയാഴ്ച വരെയാണ് കലോത്സവം.

**വിശദാംശങ്ങളുമായി കണ്ണൂരിൽ നിന്നും ആകാശവാണി പ്രതിനിധി കെ.ഒ. ശശിധരൻ.**

**(വോയിസ്......)**

**********************************************************************************************

RNUTVPM

**ട്വന്റി –** 20

ഐസിസി വനിതാ ട്വന്റി **- 20** ലോകകപ്പിന്റെ ഒമ്പതാം പതിപ്പിന് ഇന്ന് ഷാർജയിൽ തുടക്കമാകും**.** ഈ മാസം **20** വരെ നടക്കുന്ന മത്സരങ്ങളിൽ പത്ത് ടീമുകളാണ് മാറ്റുരയ്ക്കുന്നത്**.** ബംഗ്ലാദേശും സ്കോട്ട് ലൻഡും തമ്മിലാണ് ആദ്യ മത്സരം**.** നാളെ നടക്കുന്ന ഇന്ത്യയുടെ ആദ്യമത്സരത്തിൽ ന്യൂസിലാൻഡാണ് എതിരാളി**.**

RNU TVPM